പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2292 23.01.2014 ൽ മറുപടിയ്ക്ക്

## വേമ്പനാട്ടു കായലിലെയും കുട്ടനാട്ടിലെ നദികളിലെയും മലിനീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.തോമസ് ചാണ്ടി | | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) |
| (എ) | വേമ്പനാട്ടു കായലിലെയും കുട്ടനാട്ടിലെ നദികളിലെയും മലിനീകരണം സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഇല്ല. |
| (ബി) | മലിനീകരണ നിയന്ത്രണ ബോർഡ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കൺസെന്റ് മറ്റേതെങ്കിലും ഇനത്തിൽ ഫീസായി പ്രതിവർഷം തുക ഈടാക്കുന്നതിന്റെ മാനദണ്ഡങ്ങളും ഇത് സംബന്ധിച്ച ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ; | (ബി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നിശ്ചയിച്ച ഫീസ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ മുതൽമുടക്കിന്റെയും, മലിനീകരണ സാധ്യത കണക്കാക്കിയുള്ള കാറ്റഗറൈസേഷന്റെയും (റെഡ്, ഓറഞ്ച്, ഗ്രീൻ) അടിസ്ഥാനത്തിലാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരമാണ് മുതൽ മുടക്കിന്റെയും (Gross Fixed Capital Investment Including Cost of Land, Building, Plant & Machinery without Depreciation) കാറ്റഗറൈസേഷന്റെയും അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ഫീസ് സംബന്ധിച്ച 09.06.2006 ലെ നോട്ടിഫിക്കേഷൻ നമ്പർ 43799/G3/05/H&FWD-ന്റേയും കാറ്റഗറൈസേഷൻ സംബന്ധിച്ച 21.10.2002 ലെ G.O.(Rt) |

No.2536/2002/H&FWD നമ്പർ വിജ്ഞാപനത്തിന്റേയും തുടർന്നുള്ള സർക്കുലറുകളുടെയും പകർപ്പ് ഉള്ള ടക്കം ചെയ്യുന്നു. ജലനിയമം, വായു നിയമം, പരിസ്ഥിതി നിയമം/ അനുബന്ധ ചട്ടങ്ങൾ പ്രകാരമുള്ള അനുമതി ഏകീകൃതമായിട്ടാണ് ബോർഡിൽ നിന്നും നൽകുന്നത്. ജലനിയമം, വായുനിയമം, പരിസ്ഥിതിനിയമം എന്നിവ പ്രകാരമുള്ള അനുമതിക്കെല്ലാം 2006 -ലെ വിജ്ഞാപന പ്രകാരമുള്ള ഏകീകൃതമായ വാർഷിക ഫീസ് മതിയാകും. (വിവിധ നിയമത്തിൻ കീഴിൽ പ്രത്യേക ഫീസുകൾ ആവശ്യമില്ല).

(സി) സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യം മൂലം കായലും നദികളും മലിനപ്പെടാതിരിക്കാൻ വേണ്ടി ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ബോർഡിന്റെ അനുമതി പരിധിയിൽ വ്യവസായ സ്ഥാപനങ്ങളെയും, ആശുപത്രികളെയും ഉത്തുംഗ കെട്ടിടങ്ങളെയും കൊണ്ടുവരികയും അവിടങ്ങളിൽ നിന്നുള്ള പാഴ്ജലം ശുദ്ധീകരിച്ച് മാലിന്യ ഘടകങ്ങൾ അനുവദനീയ പരിധിയിൽ എത്തിച്ച ശേഷം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിഷ്ക്കർഷിക്കുകയും ചെയ്യുന്നു. ഈ സ്ഥാപനങ്ങളിൽ ബോർഡ് ഉദ്യോഗസ്ഥർ ഇടയ്ക്കിടെ പരിശോധിക്കുകയും പാഴ്ജല ശുദ്ധീകരണ പ്ലാന്റുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തുകയും ശുദ്ധീകരിച്ച പാഴ്-ജല സാമ്പിളുകൾ ശേഖരിച്ച് ബോർഡിന്റെ ലബോറട്ടറികളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

കേരളത്തിലെ നദികളിലെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി നാഷണൽ ആമ്പിയന്റ് വാട്ടർ ക്വാളിറ്റി പദ്ധതിയിലും (സ്റ്റേറ്റ് ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ്) ഉൾപ്പെടുത്തി കേരളത്തിലെ നദികളിലെ വിവിധ സ്ഥലങ്ങളിലായി 197 സ്റ്റേഷനുകളിൽ നിന്നും ജലത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധനകൾ നടത്തു ന്നുണ്ട്.

(ഡി) വേമ്പനാട്ടു കായലിലെയും കുട്ടനാട്ടിലെ നദികളിലെയും തീരങ്ങളിൽ ഉള്ള

(ഡി) സ്ഥാപനത്തിൽ നിന്നും പുറന്തള്ളുന്ന പാഴ്ജലം, വായു എന്നിവ ശുദ്ധീകരിക്കുന്നതിന് ആവശ്യമായ

സ്ഥാപനങ്ങളിൽ നിന്നുള്ള മലിനീകരണം തടയുന്നതിന് ബോർഡ് എന്തെല്ലാം നിയന്ത്രണോപാധികൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അവയുടെ പ്രവർത്തനം സംബന്ധിച്ചും അനുമതി പത്രങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

സംവിധാനങ്ങൾ ഏർപ്പെടുത്തിന്നതിനായി സ്ഥാപനാനുമതിയിൽ നിഷ്ക്കർഷിക്കുന്നു. അവ തൃപ്തികരമായി പാലിച്ച് പ്രവർത്തനാനുമതിക്കായി അപേക്ഷിക്കുന്ന പക്ഷം പ്രവർത്തനാനുമതി നൽകുന്നു. ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന്റെ അവലോകനവും നടത്തുന്നു. ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടു വന്നിട്ടുള്ള സ്ഥാപനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുകയും പാഴ്-ജല സാമ്പിളുകൾ ശേഖരിച്ച് ബോർഡിന്റെ ലബോറട്ടറികളിൽ പരിശോ ധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുകയും വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് ആദ്യം വേണ്ട നിർദ്ദേശങ്ങൾ നൽകുകയും, നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഗുരുതരമായ ലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്ക് അടച്ചുപൂട്ടൽ ഉത്തരവ് നൽകുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്